**11.03.2008**

All Kerala Press Release

***Ref:*** *171/KCBC/K-6/KPR/DS*

# മുരിങ്ങൂർ ധ്യാനകേന്ദ്രത്തെക്കുറിച്ചുള്ള സുപ്രീംകോടതി വിധി സത്യത്തിന്റെ വിജയം: കെ.സി.ബി.സി.

കൊച്ചി: മുരിങ്ങൂർ ധ്യാനകേന്ദ്രത്തെക്കുറിച്ചുള്ള രാജ്യത്തെ പരമോന്നത നീതിന്യായകോടതിയുടെ വിധി സത്യത്തിന്റെയും നീതിയുടെയും വിജയമാണെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതി അഭിപ്രായപ്പെട്ടു. അസത്യങ്ങളും അബദ്ധപ്രചാരണങ്ങളും എക്കാലവും വിജയിക്കുമെന്ന് കരുതുന്നത് മൗഢ്യമാണെന്ന് കെ.സി.ബി.സി. ചൂണ്ടിക്കാട്ടി. കത്തോലിക്കാസഭയുടെ ജീവകാരുണ്യ പ്രവർത്തന ങ്ങൾക്ക് അംഗീകാരമായി വിധിയെ കാണുന്നു. ലക്ഷക്കണക്കിന് മനുഷ്യർക്ക് ആത്മീയവും മാനസികവുമായ ശാന്തി നൽകുന്ന, ജീവിതദുരിതങ്ങളിൽ വിഷമിക്കുന്നവരെ, സഹായിക്കുന്ന മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിന്റെ സദുദ്ദേശ്യത്തെയും നല്ല പ്രവൃത്തികളെയും കുറിച്ചുള്ള സത്യം മനസ്സിലാക്കാൻ ഈ വിധി സഹായകമാണ്. മനുഷ്യന്റെ സമഗ്രനന്മയാണ് സഭയുടെയും സഭാസ്ഥാപന ങ്ങളുടെയും ലക്ഷ്യം. എന്തൊക്കെ പ്രതിസന്ധികളും ബുദ്ധിമുട്ടുകളും ഉണ്ടായാലും മനുഷ്യനന്മയ്ക്കായുള്ള ജീവകാരുണ്യപ്രവർത്തനങ്ങൾ തുടരുക തന്നെ ചെയ്യുമെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി പ്രസിഡണ്ട് ആർച്ച്ബിഷപ്പ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ, വൈസ് പ്രസിഡണ്ട് ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സെക്രട്ടറി ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് എന്നിവർ സംയുക്ത പത്രപ്രസ്താവനയിൽ അഭിപ്രായപ്പെട്ടു.

**റവ. ഡോ. സ്റ്റീഫൻ ആലത്തറ**
ഡെപ്യൂട്ടി സെക്രട്ടറി, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.